പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1158 29/9/2011-ൽ മറുപടിക്ക്

**പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും**

ചോദ്യം

മറുപടി

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ.എ.പി അനിൽകുമാർ

(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവിഭാഗ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും ഭവനവും നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പ് ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വേണ്ടി ഭൂരഹിത പുനരധിവാസ പദ്ധതിയും ഭവന രഹിതർക്ക് ഭവന നിർമ്മാണ ധനസഹായ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഓരോ വർഷവും ഫണ്ടിൻെറ ലഭ്യതയനുസരിച്ച് ജനസംഖ്യാനുപാതികമായിട്ടാണ് ഭൗതികലക്ഷ്യം നിശ്ചയിക്കുന്നത് 2011-12 വർഷം 3000 വീടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.. |
| (സി) | കഴിഞ്ഞ സർക്കാരിൻെറ കാലത്ത് പ്രസ്തുത പദ്ധതിപ്രകാരം എത്ര വീടുകൾ അനുവദിച്ചു; | | 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ 53832 വീടുകൾ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വീട് വയ്ക്കുന്നതിനും ഭൂമി വാങ്ങുന്നതിനും ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | ഭൂമിയും വീടും വാങ്ങുന്നതിനുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം 75,000/-, 90,000/-, 1,00,000/- രൂപയായിരുന്നു. ഇത് ഗ്രാമ പ്രദേശങ്ങളിൽ മൂന്ന് സെൻറ് ഭൂമി വാങ്ങുന്നതിന് 1.50 ലക്ഷം രൂപയായും മുൻസിപ്പാലിറ്റിയിൽ രണ്ട് സെൻറ് ഭൂമി വാങ്ങുന്നതിന് 1.75 ലക്ഷം രൂപയായും കോർപ്പറേഷനുകളിൽ രണ്ട് സെൻറ് ഭൂമി വാങ്ങുതിന് 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. (സ.ഉ(കൈ) നം.87/2011/പജ.പവവിവ) ഭവന നിർമ്മാണ ധനസഹായ തുക ഒരു ലക്ഷം രൂപയായിരുന്നത് രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. (സ.ഉ(കൈ)നം.93/11/പജപവവിവ തിയതി 15/9/11). |
| (ഇ) | ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഇപ്പോൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ? | | 2008-ലെ കണക്കനുസരിച്ച് 20755 പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിരുന്നു; ഭവന രഹിതരുടെ ഏറ്റവും പുതിയ കണക്ക് ശേഖരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ